## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2720** — **10.07.2015-ൽ മറുപടിക്ക്**

## നഗരങ്ങളിലെ മാലിന്യ സംസ്ക്കരണ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്ജ്<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" പാലോട് രവി<br>" വി.പി.സജീന്ദ്രൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ മാലിന്യ സംസ്ക്കരണ കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ക്ലീൻ കേരള കമ്പനി എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (ബി) 2/11/2012-ലെ സ.ഉ. 282/2012/തസ്വഭവ തീയതി പ്രകാരം സർക്കാരിന്റെ മൂലധന പങ്കാളിത്തം 26% ആണ്. (ഒരു ഷെയറിന്റെ മുഖവില 1000 (ആയിരം) രൂപയാണ്) ആയതിലേക്കായി നാളിതുവരെ സർക്കാർ 499 ഷെയറിന്റെ വിലയായ 4,99,000 രൂപ നൽകുകയുണ്ടായി. നഗരസഭകളിൽ നിന്നും 85,515 ഷെയറിന്റെ വിലയായ 8,55,15,000/- രൂപയും സ്വകാര്യ വ്യക്തികളിൽ നിന്നും 2 (രണ്ട്) ഷെയറിന്റെ വിലയായ 2,000 രൂപയും ലഭിച്ചിട്ടുണ്ട്. കമ്പനിയുടെ മൊത്തം ഓഹരി മൂലധനം 8,60,16,000/- രൂപയാണ്. |
| (സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (സി) ക്ലീൻ കേരള കമ്പനി പ്രധാനമായും മാലിന്യ സംസ്കരണ മേഖലകളിലെ മുഖ്യ പ്രശ്നം ആയിട്ടുള്ള നാല് മേഖലകളിലാണ് നിലവിൽ പ്രവർത്തനം നടത്തുന്നത്. സർക്കാരിനും തദ്ദേശസ്വയം |

| | | | |
|---|---|---|---|
| | | | ഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും കൂടി സഹായകരമായ രീതിയിൽ മാലിന്യ സംസ്കരണം നടത്തുവാനാണ് കമ്പനിയുടെ ലക്ഷ്യം.<br><br>1. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്ക്കരണം<br>2. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം.<br>3. മാലിന്യങ്ങളിൽ നിന്നും പ്രകൃതി വാതക ഉത്പാദനവും ബോട്ടിലിംഗും<br>4. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താനാവുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും, സർക്കാർ, അർദ്ധ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ